Page 1 of 1

## സർക്കാർ ആശുപത്രികളിൽ നിലവാരമില്ലാത്ത മരുന്നുകളുടെ വിതരണം

124 (765) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ നിലവാരമില്ലാത്തവയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ബാധകമല്ല.

## ഹോമിയോ മെഡിക്കൽ കോളേജുകളിൽ മറ്റ് ചികിത്സാരീതികളുടെ ഉപയോഗം

125 (766) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഇൻജക്ഷനും, ഡ്രിപ്പും, വൈറ്റമിനും നൽകുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു ചികിത്സാരീതിയിലെ സൗകര്യങ്ങളും ഉപകരണങ്ങളും മറ്റ് ചികിത്സാ സമ്പ്രദായങ്ങളിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഡ്രിപ്പും വൈറ്റമിനും നൽകാറുണ്ട്. ഇൻജക്ഷൻ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാൻസർ കെയർ യൂണിറ്റിലുള്ള രോഗികൾക്ക് പെയിൻ ആന്റ് പാലിയേറ്റീവ് ചികിത്സയുടെ ഭാഗമായി അത്യാവശ്യഘട്ടങ്ങളിൽ ഐ.വി. ഫ്ളൂയിഡ് നൽകാറുണ്ട്.

(ബി) സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ 20-1-1997-ലെ നിർദ്ദേശമനുസരിച്ച് ഹോമിയോപ്പതിയിൽ രോഗികൾക്ക് ഗ്ലൂക്കോസ്, സലൈൻ, ഓക്സിജൻ എന്നിവ നൽകാവുന്നതാണ്. ഹിന്ദിയിലുള്ള പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly